"ഭരണഭാഷ – മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: എ5/24080/2018

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ, പി.എം.ജി
വികാസ് ഭവൻ.പി.ഒ
തിരുവനന്തപുരം – 33
തീയതി: 20/08/2018

## സർക്കുലർ

2018 ആഗസ്റ്റ് മാസമുണ്ടായ കാലവർഷകെടുതിയിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ അഭയം പ്രാപിച്ച കുടുംബങ്ങൾ മഴ മാറിയ സാഹചര്യത്തിൽ വീടുകളിലേയ്ക്ക് മടങ്ങാനുള്ള ഒരുക്കത്തിലാണ്. മഴവെള്ളത്തിൽ മുങ്ങിയിരുന്ന അവരുടെ വീടുകളും മറ്റ് സ്ഥാപനങ്ങളും പൂർവ്വസ്ഥിതിയിലാക്കുന്നതിന് ഇലക്ട്രിക്കൽ, പ്ലംബിംഗ്, കാർപ്പെന്ററി, വെൽഡിംഗ് മുതലായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിന് നമ്മുടെ വകുപ്പിന് സാധ്യമാകുന്നതാണ്. ഓരോ ഐ.ടി.ഐ തലത്തിലും ആയതിനുള്ള സംഘാടനവും സന്നദ്ധ പ്രവർത്തനവും നടത്തി നമുക്ക് കേരള ജനതയുടെ സഹായത്തിനായി ഒത്തു ചേരാം.

ആയതിലേയ്ക്കായി ഇലക്ട്രീഷ്യൻ, വയർമാൻ, പ്ലംബർ, കാർപ്പെന്റർ, വെൽഡർ, എം.ആർ.എ.സി, ഇലക്ട്രോണിക്സ് മെക്കാനിക്ക് മുതലായ ട്രേഡുകളിലെ നിലവിലെ ട്രെയിനികളുടെയും പരിശീലനം പൂർത്തിയാക്കിയ ട്രെയിനികളുടെയും സാങ്കേതിക പരിജ്ഞാനം ടി ട്രേഡുകളിലെ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ താങ്കളുടെ സ്ഥാപനത്തിലെ മേൽപ്പറഞ്ഞ ട്രേഡുകളിലെ ഇൻസ്ട്രക്ടർമാരുടെ മേൽനോട്ടത്തിൽ നിലവിലെ ട്രെയിനികളെയും പരിശീലനം പൂർത്തിയാക്കിയ ട്രെയിനികളെയും ഉൾപ്പെടുത്തി സന്നദ്ധ സേവന സംഘങ്ങൾ ടൂൾ കിറ്റുകൾ ഉൾപ്പെടെ സജ്ജമാക്കി നിർത്തേണ്ടതാണ്.

ഇത്തരത്തിൽ ഓരോ ഐ.ടി.ഐയിലും സജ്ജമാക്കുന്ന സംഘങ്ങളുടെ ചുമതലയുള്ള ഇൻസ്ട്രക്ടറുടെയും സംഘാംഗങ്ങളുടെയും പേര്, മൊബൈൽ നമ്പർ എന്നിവയുടെ ട്രേഡ് തിരിച്ചുള്ള പട്ടിക ഏറ്റവും വേഗത്തിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ടി സംഘാംഗങ്ങളുടെ പേര് വിവരങ്ങൾ ബന്ധപ്പെട്ട ജില്ലാ ഭരണാധികാരികൾക്ക് കൈമാറുന്നതാണ്. ഓരോ സ്ഥാപനത്തിലെയും മേൽപ്പറഞ്ഞ ട്രേഡുകളിലെ ജീവനക്കാരെയും ട്രെയിനികളെയും ജില്ലാ ഭരണകൂടങ്ങൾ ആവശ്യപ്പെടുന്നത് മുറയ്ക്ക്, അവധി ദിവസങ്ങളിൽ ഉൾപ്പെടെ വിഴ്ച കൂടാതെ ലഭ്യമാക്കുന്നതിന് സ്ഥാപന മേധാവികൾ ശ്രദ്ധിക്കേണ്ടതാണ്.

ഓരോ ജില്ലാ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും അതാത് ജില്ലകളിലെ ഇതിനായി സന്നദ്ധ സേവന സംഘങ്ങളുടെ നോഡൽ ഓഫീസർ ആയി പ്രവർത്തിക്കേണ്ടതാണ്. ഓരോ ഐ.ടി.ഐയിലെയും സന്നദ്ധ സേവന സംഘങ്ങളുടെ കൺവീനർ ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾ ആയിരിക്കും. **ഓരോ ജില്ലാ നോഡൽ ഓഫീസറും ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും ഐ.ടി.ഐ അടിസ്ഥാനത്തിലുള്ള സംഘാംഗങ്ങളുടെ പേരും മൊബൈൽ നമ്പരും വാങ്ങി സൂക്ഷിക്കേണ്ടതും ഒരു പകർപ്പ് ഇന്നേ ദിവസം തന്നെ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.** ഓരോ സ്ഥാപനത്തിലെയും മേൽപ്പറഞ്ഞ ട്രേഡുകളിലെ യൂണിറ്റുകളുടെ ചുമതലയുള്ള ഇൻസ്ട്രക്ടർമാർ അതാത് യൂണിറ്റുകളിലെ ട്രെയിനികളെ സംഘടിപ്പിക്കുന്നതിനും സേവന സജ്ജരാക്കി നിർത്തുകയും ജില്ലാ ഭരണകൂടത്തിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കേണ്ടതുമാണ്

പി.കെ.മാധവൻ
അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്
ട്രെയിനിംഗ് ഡയറക്ടർ (ഇൻ-ചാർജ്ജ്)
Mobile No: 9447435346

എ.20/08/2018